## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ബി.ടെക്ക് അപ്ലൈയ്ഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രമെന്റേഷൻ - VII-ാം സെമസ്റ്റർ പ്രോജക്ട് ആവർത്തനം-ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ ശുപാർശ അംഗീകരിച്ചു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================================

അക്കാദമിക് വിഭാഗം

സ.ഉ.നം.223/എIV/01/2018/അക്കാദമിക്

പി.ഡി.ഹിൽസ്, തീയതി:10/01/2019

===================================================================================

വായിക്കുക:-

1. 13.09.2017 ൽ ശ്രീ. ശ്രീഹരി എ.ജി സമർപ്പിച്ച അപേക്ഷ.
2. 29.09.2018 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം.217/Ac.18/185268

## ഉത്തരവ്

ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിലെ ബി.ടെക്ക് അപ്ലൈയ്ഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ കോഴ്സിന്റെ 2013-17 ബാച്ച് വിദ്യാർത്ഥിയായിരുന്ന ശ്രീ. ശ്രീഹരി എ.ജി 2017 നവംബറിൽ നടന്ന VII-ാം സെമസ്റ്റർ പ്രോജക്ടിൽ പരാജയപ്പെട്ടതിനെ തുടർന്ന് VIII-ാം സെമസ്റ്ററിനൊപ്പം VII-ാം സെമസ്റ്റർ പ്രോജക്ട് കൂടി പൂർത്തിയാക്കാൻ അനുവദിയ്ക്കണമെന്ന് സൂചന (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ബി.ടെക്ക് കോഴ്സുകളെല്ലാം ഇപ്പോൾ എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലായതിനാലും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ബി.ടെക്ക് റെഗുലർ ബാച്ചുകൾ നിലവിലില്ലാത്തതിനാലും പ്രസ്തുത വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ അഭിപ്രായം തേടുകയുണ്ടായി.

VII-ാം സെമസ്റ്റർ സെമിനാർ/പ്രോജക്ട് പരാജയപ്പെട്ട വിദ്യാർത്ഥികൾ പ്രസ്തുത സെമസ്റ്റർ മുഴുവൻ ആവർത്തിക്കുന്നതിനു പകരം പരാജയപ്പെട്ട വിഷയം (പ്രോജക്ട്/സെമിനാർ) ആവർത്തിക്കാൻ അനുവദിയ്ക്കണമെന്നും അത്തരം വിദ്യാർത്ഥികൾ അവരുടെ കോളേജുകളിൽ VII-ാം സെമസ്റ്ററിൽ പരാജയപ്പെട്ട വിഷയത്തിൽ രജിസ്റ്റർ ചെയ്ത് റെഗുലേഷൻ അനുസരിച്ചുള്ള നിർദ്ദിഷ്ട സെഷനുകൾ ഈ വിഷയത്തിൽ നിശ്ചയിച്ചിട്ടുള്ള ഫാക്കൽറ്റിയ്ക്കു കീഴിൽ പങ്കെടുക്കുകയും വേണമെന്ന് ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ശുപാർശ ചെയ്യുകയുണ്ടായി. ബഹു.വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം പ്രസ്തുത ശുപാർശ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയും, 29.09.2018 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം സൂചന (2) പ്രകാരം ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ ശുപാർശ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണൻ**
**അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ശ്രീ. ശ്രീഹരി എ.ജി
4. പ്രിൻസിപ്പാൾ, ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/അക്കാദമിക്)
6. എ.സി.സി.I/II / ഇ.ഐ.XXI/ടാബുലേഷൻ സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/പി.ആർ.ഒ സെക്ഷൻ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഫയൽ നം.ഇ.ഐ.21/2017/S7പ്രോജക്ട്.

ഉത്തരവിൻ പ്രകാരം

Sasikala

സെക്ഷൻ ഓഫീസർ